


# Kite Zine

**Digital Magazine**

Prepared

by

**Little Kites Members 2019-’21**

of

St Aloysius H. S Manalumkal

**LK2018/33026**





## <u>സന്ദേശം</u>

"ശ്രമത്തിലാണ് ഫലപ്രാപ്തിയിലല്ല സംതൃപ്ത്തി ഉളവാകുന്നത് സമ്പൂർണ ശ്രമം സമ്പൂർണ വിജയമാകുന്നു " എന്ന മഹാത്മഗാന്ധിയുടെ വാക്കുകൾ പോലെ കുട്ടികളുടെ ഈ പരിശ്രമം പൂർണ വിജയം ആയി തീരട്ടെ,ഭാവനകൾ അക്ഷരങ്ങളാകുമ്പോൾ,ക്ഷയിക്കാതെ ഉളവാകുന്ന ഈ അക്ഷരക്കൂട്ടങ്ങൾക്ക് സമ്പൂർണ വിജയമാകാൻ കഴിയട്ടെ എന്നാശംസിക്കുന്നു

മാനേജർ

**റവ. ഫാ. ജേക്കബ് പൊട്ടക്കളം**





## സന്ദേശം

സർഗ്ഗാത്മക സൃഷ്ടികൾ മനുഷ്യരാശിയുടെ ആത്മീയഭക്ഷണമാണെന്ന് വിശ്വപ്രസിദ്ധനായ സാഹിത്യകാരൻ ടോൾസ്റ്റോയി പറഞ്ഞിരിക്കുന്നു. മനുഷ്യനന്മയുടെ സുവിശേഷമായി മാറാൻ കുട്ടികളുടെ ഈ സാഹിത്യസൃഷ്ടികൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ്മാസ്റ്റർ

ശ്രീ. ജോയ്സൺ ജോസ്





# കവിത

## ഗ്രാമവസന്തം

മുക്കുറ്റിപ്പൂവെത്ര വിരിഞ്ഞൂ
താഴേക്കണ്ടത്തിൽ
ചെത്തിപ്പൂവുകൾ വാരിവിതച്ചു
കാടും പുരയിടവും
ചിരിച്ചു നിന്നു തുമ്പപ്പൂവുകൾ
തൊടികളിലെമ്പാടും
കുരുന്നു പുല്ലുകൾ പോലും പൂവുക-
ളെടുത്തു ചൂടുന്നു
കദളിച്ചെടിയുടെ കൈകളിലുണ്ടൊരു
കുന്നാരം പൂക്കൾ
മുല്ലച്ചെടിയുടെ മുടിയിലുമുണ്ടൊരു
മുന്നാഴിപ്പൂക്കൾ
പൂവുകളെല്ലാം പറയുകയായി
ഓണം വരവായി
വീണ്ടും നാടിൻ പടിവാതിൽക്കലൊ-
ഓണം വരവായി........

**അലീന പി റ്റി**





## സൗഹൃദം

കാലം സൗഹൃദങ്ങളെ പുസ്തകത്താളുകളിൽ ഒതുക്കിനിർത്തുേമ്പോൾ
പാതിവഴിയിൽവച്ച് പിരിയേണ്ടിവന്ന
സുഹൃത്തുക്കൾനമ്മൾ.കാലമായിപിരിയുവാനെന്നുമനസ്സിൽ
ഘടികാരംചലിച്ചുതുടങ്ങുന്നു..പറക്കമുറ്റാത്തകിളികൾഅമ്മതൻചിറകിൽ
കീഴിൽനിന്ന് പറന്നുയുേമ്പോൾ ഈ കിളിക്കൂട്ടിൽ
നിന്നു നാം യാത്രയാകുന്നു. അനന്തമാംവിണ്ണിലേക്ക്ചിറകിൻ
തുവൽകിളിർക്കുംവരെഎനിക്കുറ്റംപറന്നുകളിച്ചഎന്നോടൊപ്പം
കളിച്ചുചിരിച്ചഎൻബാല്യകാലസുഹൃത്തേ സഹോദരീ
നിനക്കായ്ഞാൻഎന്താണ്നൽകുക?.കണ്ണീരുകൊണ്ടൊരു മുത്തമോ,
സ്നേഹത്തിൽ പൊതിഞ്ഞ വാക്കുകളോ. തോഴി അറിയില്ല. ദുഃഖങ്ങൾ പകരാൻ
യാത്രയിൽ ഒരു നിഴലായ് വേദനകളിൽ ആശ്വാസമായി ഒരിക്കലും പിരിയാത്ത
ബന്ധത്തിന് ആരോ നൽകിയ പേര് 'സൗഹൃദം.'..........

**ആൽബിൻ എം രാജ്**







## നാടൻപാട്ട്

### നോക്കുകുത്തി

തെയ്യന്താരോ തെയ്യന്താരോ
പാടവരമ്പേ തെയ്യന്തോാ (2)
മൈനകൾ പാടണ നേരത്ത്
സൂര്യൻ ചിരിക്കണ നേരത്ത്
പാറി വരുന്നൊരു കാറ്റത്ത്
ഞാറു നട്ടുന്നൊരു നേരത്ത്     (തെയ്യന്താരോ)
പച്ചവിരിച്ചൊരു പാടത്ത്
വെള്ളം തേവുന്നൊരു നേരത്ത്
പാട്ടൊന്നു പാടണ നേരത്ത്
മാനം തെളിയണ നേരത്ത്     (തെയ്യന്താരോ)
കതിരു തിളങ്ങണ കാലത്ത്
തമ്പുരാനെത്തണ നേരത്ത്
കോയ്ത്തു ജയിക്കണ നേരത്ത്
കറ്റ മെതിക്കണ നേരത്ത്     (തെയ്യന്താരോ)
ചോട്ടുകൾ വയ്ക്കണ നേരത്ത്
പാട്ടേറ്റു പാടണ നേരത്ത്
തെങ്ങോലത്തുമ്പിലായ്
കാറ്റിൻ ചിറകിലായ്
ആലോലമാട്ടും കിളിവീട്  (തെയ്യന്താരോ)
പാട്ടങ്ങു പാടാനൊരുങ്ങുന്നു
മേളമെല്ലാം മുറുകുന്നു
അമ്പിളിമാമനുമെത്തിയല്ലോ
എന്നിട്ടും കൂസാതെ പാടവരമ്പേ
നിൽപാണ് പൊട്ടനാം നോക്കുകുത്തി  (തെയ്യന്താരോ)

നന്ദന സജീവ്





## മിന്നുമോളുംപൂമ്പാറ്റയും

പൂന്തോട്ടത്തിൽകളിക്കുകയായിരുന്നുമിന്നുമോൾ. അപ്പോഴാണ് പൂന്തോട്ടത്തിൽ ധാരാളം പൂക്കൾ വിരിഞ്ഞുനിൽക്കുന്നത് അവൾ കണ്ടത്. ഹായ് പൂക്കളെല്ലാംപറിച്ച് ചോറും കറിയും ഉണ്ടാക്കി കളിക്കാം. അവൾക്കു തോന്നി. അവൾ പൂവ്പറിക്കാൻ ചെന്നതും അതാആരോ അവളെ വിളിക്കുന്നു. അവൾ തിരിഞ്ഞു നോക്കി, ഒരു മഞ്ഞപ്പൂമ്പാറ്റ! മിന്നുമോളേപൂക്കളെല്ലാം ഇങ്ങനെ പറിച്ചു കളഞ്ഞാൽ ഞങ്ങളെല്ലാം പട്ടിണിയാവില്ലേ. പൂമ്പാറ്റ ഇങ്ങനെ പറഞ്ഞു. വൈകിട്ട് നോക്കുമ്പോൾ പൂന്തോട്ടം നിറയെ അതാ പൂമ്പാറ്റകൾ. 'ഹായ് എന്തു ഭംഗി' ആ കാഴ്ച കാണാൻ കൂട്ടുകാരും ആഗ്രഹിച്ചു..................

ഡോൺ പി ജോസഫ്






## വിജ്ഞാനദീപം

ആദ്യക്ഷരംവിരൽതുമ്പിലേക്ക് എത്തിച്ചുതന്ന വിദ്യാലയംനമുക്ക്എപ്പോഴുംപ്രിയപ്പെട്ടതാണ്അമ്മയെന്നപോലെയാണ്വിദ്യാലയംഗുരുക്കന്മാരുംനല്ലവിദ്യാഭ്യാസത്തോടൊപ്പം ഒരു സ്കൂൾ പഠനകാലം എപ്പോഴും നമുക്ക് നൽകുന്നതും നൽകേണ്ടതും ആർജ്ജിക്കേണ്ടതും നല്ല സംസ്കാരമുള്ള ഒരു വ്യക്തിത്വമാണ്.

സ്നേഹവും സാമീപ്യവുംകൊണ്ട്കുട്ടികളുടെഉള്ളിലെആശങ്കകളെയുംആകുലതകളെയുംചെറുപ്പുഞ്ചിരിയിൽമായ്ച്ചുകളയുന്നഒരുപറ്റംഅദ്ധ്യാപകർനമ്മുടെഓരോരുത്തരുടെയുംവിദ്യാലയത്തിൽഇപ്പോഴുംസേവനംഅനുഷ്ഠിക്കുന്നുണ്ട. ഗുരുഎന്നാൽഇരുളകറ്റുന്നവൻ.

ഓരോവിദ്യാർത്ഥിയുടെയുംഉള്ളിലെഅജ്ഞതയാകുന്നഇരുളിനെവിദ്യയാകുന്നദീപംതെളിച്ച്ദീപ്തി ചൊരിയുന്നവനാണ് ഗുരു. തല്ലും തലോടലും നൽകി വിദ്യാർത്ഥികളിൽ നല്ലവ്യക്തിത്വംവാർത്തെടുക്കുന്നതിൽമാതാപിതാക്കൾക്ക് തുല്യമായ ചുമതല വഹിക്കുന്നവരാണ് അധ്യാപകർ.

**റിയ മരിയ ഫിലിപ്പ്**



വിദ്യാർത്ഥിയെന്നാൽവിദ്യയെഅന്വേഷിക്കുന്നവൻ, ഗുരുക്കന്മാർ നൽകുന്ന വിദ്യയെ ആർജ്ജിച്ചെടുക്കാൻ ഉത്സാഹംകാണിക്കുന്നവനാകണംവിദ്യാർത്ഥി..അനുസരണയും അച്ചടക്കവും ഒരു വിദ്യാർത്ഥിയുടെ ഏറ്റവും വലിയ മൂല്യമാണ്. ഇതു ലഭിക്കേണ്ടതും അഭ്യസിക്കേണ്ടതും വിദ്യാലയത്തിലാണ്.

ഒരു വിദ്യാലയത്തിൽ നിന്ന് വിദ്യ അഭ്യസിച്ച് പുറത്തിറങ്ങുന്ന വിദ്യാർത്ഥി ഒരു കുടുംബത്തിന്റേയും

ദേശത്തിന്റേയും ഭാവിവാഗ്ദാനമാണ്."സൗഹൃദമെന്നാൽ സൗഹൃദത്തോളം വിലമതിക്കുന്ന അമൂല്യമായ ഒരു

വ്യക്തിബന്ധമാണ്.ജീവിതത്തിൽ അവസാനത്തോളം ഒപ്പമുണ്ടാകുന്നതും എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും കൂടെ നിൽക്കുന്നതും രക്തബന്ധങ്ങളേക്കാൾ സൗഹൃദങ്ങളാണ്.

ആത്മാർത്ഥമായസൗഹൃദങ്ങൾഒരിക്കലുംപരാജയപ്പെടുകയുമില്ല. ഓരോ സൗഹൃദങ്ങളും ആരംഭിക്കുന്നത് ഒരു വിദ്യാലയത്തിന്റെമതിൽക്കെട്ടിനുള്ളിലാണ്. ,അനേകമായിരം പാഠങ്ങളും സൗഹൃദങ്ങളും തന്നവിദ്യാലയമേ....... വന്ദനം...............

**ശ്രീപ്രിയ കെ എസ്**





## അയാൾ

വീതികുറഞ്ഞ കറുത്ത റോഡിലൂടെ ബസ് കിതച്ചും ആർത്തിരമ്പിയും പാഞ്ഞുവരുന്നു.

മരങ്ങളുംവീടുകളും ധൃതിയിൽ എവിടേക്കോ പോകുന്നതുപോലെ അയാൾക്ക് തോന്നി.

നേരം വെളുക്കുന്നതേയുള്ളൂ.

അയാൾ പതുക്കെ സീറ്റിൽനിന്ന് എഴുന്നേറ്റു.

ഇറങ്ങാനുള്ള സ്റ്റോപ്പ് അടുത്തടുത്ത് വരുന്നു.

വാതുക്കൽ നിൽക്കുന്ന അയാളുടെ അടുത്തുപോയി ""ആളെറങ്ങാനുണ്ട്"" എന്നു വിളിച്ചുപറഞ്ഞു. പെട്ടെന്ന് ബെല്ലടിമുഴങ്ങി. ബസ് നിരങ്ങിനിന്നു.

അയാൾ സാവധാനം ബസിൽനിന്ന് ഇറങ്ങി.

പിന്നിൽനിന്ന് വീണ്ടും

ബെല്ലടിച്ചു.

ബസ് ഒട്ടും താമസിക്കാതെ അടുത്ത ലക്ഷ്യത്തിലേക്ക് കുതിച്ചു.

എത്ര നാളുകളായി താൻ ജനിച്ചുവളർന്ന നാട് കണ്ടിട്ട്. വർഷങ്ങൾക്കു മുമ്പ് നാടുവിട്ടതാണ്. ഇതാ വർഷങ്ങൾക്കുശേഷം തിരിച്ചെത്തിയിരിക്കുന്നു.





അയാൾ അവിടെ നിന്നുകൊണ്ട് അവിടമാകെ വീക്ഷിച്ചു. മുമ്പ്ഇവിടെ വെയ്റ്റിംഗ് ഷെഡ് ഇല്ലായിരുന്നു. ഇപ്പോൾ അത് ഉയർത്തിയിരിക്കുന്നു.മുമ്പുണ്ടായിരുന്ന ഗോപാലേട്ടന്റെ പെട്ടിക്കട അവിടെത്തന്നെ ഉണ്ട്.
എതിരെനിന്ന് വിറകു കൊണ്ടുവരുന്ന സ്ത്രീ അയാളെ അത്ഭുതത്തോടെ ഒന്നുനോക്കി.
അത് ദേവതിയമ്മയാണെന്ന് അയാൾക്ക് മനസ്സിലായി. വർഷങ്ങൾക്കുശേഷം കണ്ടതിലുള്ള അത്ഭുതമാകാം എന്ന് അയാൾ ചിന്തിച്ചു. കുറച്ചുദൂരം ചെന്നപ്പോൾ വലത്തേ അരികിലുള്ള പാടവരമ്പത്തേക്ക്
ഇറങ്ങി. വരമ്പത്ത് ചെളിയും അഴുക്കും ഇല്ലായിരുന്നെങ്കിലും അയാൾ മുണ്ടിന്റെ അറ്റം കൈയിൽ എടുത്തുപിടിച്ചു.

പാടത്തിന് അപ്പുറത്ത് മഞ്ഞ് പരന്നുകിടക്കുന്നു. അടുത്തേക്ക് ചെല്ലുന്തോറും തന്റെവീടിന്റെ ഒരു ഭാഗം തെളിഞ്ഞുകാണുന്നു. പടവുകൾ കയറുന്തോറും അയാളിൽ
എന്തെന്നില്ലാതെ സന്തോഷം ഒരു മഴപോലെ പെയ്തിറങ്ങി. കടം കയറിമുടിഞ്ഞപ്പോൾ, ഒരു ജോലിക്കായി നാടുവിടാൻ തീരുമാനിച്ചപ്പോൾ,താൻ ഓർത്തിരുന്നില്ല തന്റെ ഭാര്യയും കുഞ്ഞും വൃദ്ധരായ അച്ഛനും അമ്മയും ഒറ്റയ്ക്കാണെന്ന്. പക്ഷേ ഇന്ന് അയാൾ അതിന് ഖേദിക്കുന്നു.

അവസാനപടവും കയറി മുറ്റത്തെത്തി. മതിലെല്ലാം കാട്ടുകയറിയിരിക്കുന്നു.പുൽനാമ്പുകൾ മുറ്റത്താകെ വളർന്നിട്ടുണ്ട്.





വീട്ടും പരിസരവും നിശ്ചലമായി കിടക്കുന്നു. അയാളുടെ മനസ്സിൽ ഒരു ഭയം മുളപൊട്ടി. നേരത്തെ അനുഭവപ്പെട്ട സന്തോഷം പേടിയായിമാറുന്നു. അയാൾ പതുക്കെ വീടിന്റെ മൂന്നു പടവുകൾ കയറി തിണ്ണയിൽ പ്രവേശിച്ചു. എന്നിട്ട് അയാൾ തന്റെ ഭാര്യയുടെ പേര് ഉറക്കെ വിളിച്ചു.

"രാധേ, രാധേ..."

അയാളുടെ ശബ്ദം ഇടറി. ആ വിളികേട്ട് അപ്പുറത്തെ വീട്ടിലെ ആലീസ് കയറിച്ചെന്നു.

ആലീസ് വിശ്വസിക്കാനാകാതെ ചോദിച്ചു,

'ങാ പണ്ടു നാട്ടുവിട്ടുപോ യ'

'ങാ.. അതെ.'

ആലീസ് പൂരിപ്പിക്കുന്നതിനു മുമ്പ് അയാൾ മറുപടി നൽകി. എന്നിട്ട് വിക്കിവിക്കി ചോദിച്ചു.

"രാധ.. രാധയും കുഞ്ഞും എവിടെ? ഇതെന്താ ഐന്റെ വീട് ഇങ്ങനെ അനാഥമായ് കിടക്കുന്നത്?

അതറിയണമെങ്കിൽ നിങ്ങൾ നാട്ടുവിട്ടു പോയതുമുതൽ ഞാൻ പറയണം,ആലീസ് പറഞ്ഞു.

"എന്തോ... എനിക്കൊന്നും മനസ്സിലാകുന്നില്ല"

നിങ്ങൾക്ക് ഒന്നും മനസ്സിലാകില്ല, നിങ്ങൾ സത്യത്തിൽ മനുഷ്യനല്ല, മൃഗമാണ്. മൃഗം." ആലീസ് കോപം കൊണ്ടു വിറച്ചു.

ആലീസ് ഇങ്ങനെ ദേഷ്യപ്പെടാതെ. പറയ്. എനിക്ക് അവർ എവിടെ എന്നറിയണം.






ആലീസ് പറയാൻതുടങ്ങി. അച്ഛൻ മരിച്ചിട്ട് ഇപ്പോൾ 8 വർഷമായി.അമ്മ മരിച്ചിട്ട് 3 വർഷവും. അതുകഴിഞ്ഞ് ആരും തുണയില്ലാതെ വന്നപ്പോൾ രാധ കൂലിപ്പണി ചെയ്ത് കുടുംബം പുലർത്തി. എന്നോട് രാധ പറയുമായിരുന്നു, ഭയങ്കര ക്ഷീണമാണെന്ന്. ഇടയ്ക്ക് തലചുറ്റലുണ്ടായിരുന്നു.

ഞങ്ങൾ ഡോക്ടറുടെ അടുത്തു കൊണ്ടുപോയി കാണിച്ചു. വിദഗ്ദ്ചികിത്സയിലൂടെ അവൾക്ക് തലയിൽ കാൻസറാണെന്ന് ഡോക്ടർമാർ വിധിയെഴുതി.

ആയിടയ്ക്കാണ് ബാങ്കിൽനിന്ന് ജപ്തിചെയ്യാൻ ആളുകൾ
വന്നത്. വീട് ജപ്തിയായി.

അവളുടെ രോഗം വഷളായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രോഗക്കിടക്കയിൽ
രാധ എന്നോടു പറഞ്ഞു. മകനെ സുരക്ഷിതമായി ഏതെങ്കിലും
ട്രസ്റ്റിലേൽപിക്കണമെന്ന്.

അയാൾക്ക് താങ്ങുന്നതിലും അപ്പുറമായിരുന്നു അത്. അയാൾ
പൊട്ടിക്കരഞ്ഞു.

ഇനി കരഞ്ഞിട്ട് കാര്യമില്ല.

അയാൾ ആലീസിനെ നോക്കി.

ആലീസ് പറഞ്ഞു,


"ഇവിടെ അടുത്ത് തന്നെയാ. നമ്മുടെ മുക്കടവിലെ ട്രസ്റ്റില്. ഒരു പക്ഷെ അവന് അച്ഛനെ കാണുമ്പോൾ സന്തോഷം ആയിരിക്കും.





അയാൾ വെയ്റ്റിംഗ്ഷെഡിലേക്ക് തിരിച്ചു. അയാൾ വെയ്റ്റിംഗ് ഷെഡിൽനിന്ന് ഇറങ്ങി ബസ്സിന് കൈനീട്ടി. ബസ്സ് നിരങ്ങിനിന്നു. അയാൾ ബസ്സിൽ കയറി.ബസ്സ് പിന്നെയും ഓടാൻതുടങ്ങി. അയാൾ തന്റെ കുഞ്ഞിനെ സ്വപ്നം കണ്ടുകൊണ്ട് സീറ്റിലേക്ക് തല ചായിച്ചുവെച്ചു...........

**അഭിഷേക് ക്രിഷ്ണ**





## പച്ചക്കറികൾ



പലവിധമല്ലോ
പച്ചക്കറികൾ
ചോരനിറത്തിൽ തക്കാളി
ചാരത്തങ്ങനെ ചെഞ്ചീര
പച്ചപ്പാവം പാവയ്ക്ക
പാമ്പുകണക്കെ പടവലവും
മഞ്ഞൾ പൂശിയ വെള്ളരികൾ
മണ്ണിലൊളിച്ച മരച്ചീനി
തണ്ടേറുന്ന പെരും ചേന
ചെണ്ടക്കോലും മുരിങ്ങക്കായ്
ഉണ്ടൊരു മത്തൻ പെരുവയറൻ
നീണ്ടൊരു വിരലോവെണ്ടയ്ക്ക

**നോബിൾ സാം**






## മിഠായി

ഞൊറിവാലുള്ളൊരു

പൊതിയാണേ........

ഇരുവാലുള്ളൊരു

പൊതിയാണേ......

മിനുമിനെമിന്നും

പൊതിയാണേ........

ചേലേറുന്നൊരു

പൊതിയാണേ........

കണ്ടാൽ ചെറിയൊരു

പൊതിയാണേ..........

നുണയാനൊത്തിരി

കൊതിയാണേ.........




**റ്റിനു ആന്റണി**





# കുട്ടിയും തള്ളയും

കുമാരനാശാൻ

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം;
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-
ന്തോണം വെളുക്കുന്നുഷസ്സോയിതെല്ലാം?





പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ,-
യന്തിക്കു പൂങ്കാവിലാളേറെയായി;
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊങ്ങുന്നു വാദ്യങ്ങൾ—വന്തു വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ-
ലെന്തോന്നുരയ്ക്കുന്നു നീ?—ഞാനറിഞ്ഞു





# മിന്നാമിനുങ്ങ്

കുമാരനാശാൻ

ഇതെന്തൊരാനന്ദമിതെന്തു കൗതുകം!
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ! പറ-
ന്നിതാ തൊടുമ്മുമ്പിതു വിണ്ണിലായിതേ!

ഉടൻ മടങ്ങുന്നിത, പൂത്തിരുട്ടിലായ്-
ക്കിടന്ന വേലിച്ചെടിതന്റെ തുമ്പിതിൽ;
ചുടുന്നതില്ലിച്ചെറുതീയതൊന്നുമേ!
കെടുന്നുമില്ലീ മഴയത്തുപോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.





സ്ഫുരിക്കുമീ നിന്നുടലിൻ പദാർത്ഥമെ-
ന്തുരയ്ക്ക, മിന്നൽപ്പിണരിൻ സ്ഫുലിംഗമോ?
വിരഞ്ഞുപോം താരഗണങ്ങൾ തമ്മിലാ-
ഞ്ഞുരഞ്ഞുപാറും പൊടിയോ, നിലാവതോ?
പുളച്ചിടുന്നെന്മനതാരഹോ! വെറും
വെളിച്ചമേ, വാ കിളിവാതിലൂടെ നീ,
വിളിച്ചുകേളാത്തവിധം ഗമിക്കിലാ-
മൊളിച്ചിടാൻ കള്ള, നിനക്കു വയ്യെടോ!
പിലാവിലും തെങ്ങിലുമക്കവുങ്ങിലും
വിലോലമായ് മാവിലുമങ്ങുമിങ്ങുമേ
വിലങ്ങിടും നീ പ്രകൃതിക്കു ചാർത്തുവാൻ
നിലാവു പൂമ്പട്ടിനു പാവു നെയ്കയോ?
മിനുങ്ങി നീ ചെന്നിട്ടു, മാറണയ്ക്കുവാൻ
കനിഞ്ഞിതാ കൈത്തളിരാർന്ന ഭൃഗുഹം
അനങ്ങിടാതങ്ങനെ നിൽപ്പി,താർക്കുമേ
മനം കൊതിക്കും മൃദുവെത്തൊടാനെടോ!





അതാ വിളങ്ങുന്നു ഭവദ്ഗുണങ്ങളാൽ
സ്വതേ ചുഴന്നിപ്പനിനീർമലർച്ചെടി;
അതിന്നൊടൊക്കില്ലൊരു ചക്രവർത്തിത-
ന്നതിപ്രകാശം കലരും കിരീടവും.
പരന്ന വൻശാഖകൾ മേലിവറ്റയാർ-
ന്നിരുട്ടിൽ മിന്നുന്നു മരങ്ങളാകവേ;
നിരന്നു നക്ഷത്രഗണങ്ങൾ കീഴമാ-
ർന്നിരട്ടയായ് തീർന്നൊരു വിണ്ണുപോലവേ.
വിളങ്ങിയും മങ്ങിയുമൊന്നിതാ വരു-
ന്നിളങ്കതിർത്തുവൊളിയാർന്നു പൊങ്ങിയും
തളർന്നുവീണും—ചെറുതാരമൂഴിതാൻ
വളർപ്പതാമിങ്ങിതു—തള്ള വാനിലാം.
മുറിക്കകത്തായിതു! ഹാ! പ്രകാശമേ,
കരത്തിൽ വാ, കേറുക പുസ്തകങ്ങളിൽ,
ഉറക്കറയ്ക്കുള്ള കെടാവിളക്കുപോ-
ലിരിക്ക വന്നീയണിമേശമേലുമേ.
കനക്കുമുത്സാഹമൊടങ്ങുമിങ്ങും
തനിക്കു തോന്നുമ്പടിതന്നെയെങ്ങും
മിനുങ്ങിമങ്ങും ചൊടിയാർന്ന മിന്നാ-
മിനുങ്ങുമുൾപ്പൂവുമുടപ്പിറപ്പോ?





## പ്രേമസംഗീതം

**ഉള്ളൂർ എസ് പരമേശ്വരയ്യർ**

ഒരൊറ്റമതമുണ്ട -ലകി,ന്നയിരാം പ്രേമം; അതൊന്നല്ലോ

പരക്കെ നമ്മെപ്പാലമൃുട്ടും പാർവണശശിബിംബം

ഭക്ത്യനരാഗദയാദിവപുസ്സാപ്പരാത്മചൈതന്യം

പലമട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നു.

അതിന്നൊരരിയാം നാസ്തികൃംതാൻ ദ്വേഷം; ലോകത്തി--

ന്നഹോ! തമസ്സാമതിലടിപെട്ടാലകാലമൃത്യു ഫലം.

മാരണദേവതയാമതു മാറ്റും മണവറ പട്ടടയായ്,

മട്ടുമലർവാടിക മരുപ്പറമ്പായ്, വാനം നാരകമായ്.





II

പദങ്ങളന്വയമാർന്നേ വാക്യം ഭവിപ്പൂ സാർത്ഥകമായ്;
ശ്രുതിയും താളവുമൊത്തേ ഗാനം ശ്രോത്രസുഖം നല്കൂ.
പരാർദ്ധസംഖ്യം പരമാണുഗണം പരസ്പരം ചേരും
ശരീരമുടയോന്നല്ലീ സകലം ചരാചരഗ്രാമം?
പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും;
പരൻപുമാനും പ്രകൃതിസഹായൻപ്രപഞ്ചഘടനത്തിൽ.
പേർത്തും തമ്മിൽ പൃഥ്വ്യപ്തേജോവായ്വാകാശങ്ങൾ
പിണയ്പ്പുമേന്മേൽ സൃഷ്ടിയിലീശൻ; പിരിപ്പൂ സംഹൃതിയിൽ
വരിഞ്ഞു നില്പൊരു സു-മമളിയെത്തൻ വിശിഷ്ടഗന്ധത്താൽ
വിവിക്തവിരസം വീണ്ടും വീണ്ടും വിളിപ്പൂസവിധത്തിൽ





മധുവ്രതത്തിനു മട്ടുമലർ വേണം മനം കുളിർപ്പിപ്പാൻ
മലർന്ന പൂവിനു വണ്ടും വേണം മന്നിതു വിണ്ണാവാൻ
പ്രജകൾ ജഗത്തിൽ സുകൃതികൾ ജായാപതികൾ നടും ശുഭമാം
പരസ്പരപ്രണയാമരതരുവിൻ ഫലപ്രകാണ്ഡങ്ങൾ
ചൂടാൻമലരും ഘനമായ്ത്തോന്നിനദോഹദകാലത്തിൽ
ചുമന്നിരിപ്പൂ ദുർഭരഗർഭം സുഖേന ജനയിത്രി
പിതാവു, മാതാ, വുടപ്പിറന്നോർ ബാന്ധവരിഷ്ടന്മാർ
പ്രേയസി, മക്കൾ, ഭുജിഷ്യർ തുടങ്ങി പ്രേമപരാധീനർ
പരിചരണോദ്യതർ പലജീവികൾതൻ പരിതഃസ്ഥിതിമൂലം
പദേപദേ നാം പ്രമുദിതർ കാണ്മൂ ഭവാബ്ധി ഗോഷ്പദമായ്





III

പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ;

പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ;

പ്രപഞ്ചമസ്മദ്വചനാമ്രേജനപണ്ഡിതമാം കീരം

പ്രപഞ്ചമസ്മൽഭാവവിഡംബന പാടവമാർന്ന നടൻ;

പ്രപഞ്ചഭൂമിയിൽവിതച്ചവിത്തിൻ ഫലത്തെ നാം കൊയ്വൂ;

പ്രപഞ്ചമരുൾവൂ പട്ടും വെട്ടും പകരത്തിനുപകരം.

വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം,

വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം.

പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാ,-

ലീശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീയിതരേതരയോഗം?

പദാർത്ഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം;





പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരപ്രേമം.
നമിക്കിലുയരാം, നടുകിൽത്തിന്നാം, നൽകുകിൽ നേടി-ടാം;
നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ
മനവും മിഴിയും നാവും കരവും മന്നിൻ മാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും മനുഷ്യർ ദേവന്മാർ
പാഷാണൗഷധിപക്ഷിമൃഗാദികൾ പല പല വടിവുകളിൽ
പ്രകൃതി ലസിപ്പൂ നമുക്കു ചുറ്റും പരമോത്സവദാത്രി.
പേർത്തും നമ്മിലുമവയിലുമൊപ്പം പ്രേക്ഷിപ്പോർക്കെല്ലാം
പ്രേമാത്മാവായ് വിലസും നമ്മുടെ പിതാവിനെക്കാണാം.
ഉലകാമുത്തമവിദ്യാലയമിതിലുപകാരോപനി,ഷ-
ത്തോതിക്കോനവനുപദേശിപ്പതുമുറക്കവേ കേൾക്കാം.
ഏകോദരസോദരർ നാമേവരു,മെല്ലാജീവികളും





ലോകപടത്തിൽത്തമ്മിലിണങ്ങിടുമോതപ്രോതങ്ങൾ

അടുത്തുനില്പോരനുജരെ നോക്കാനക്ഷികളില്ലാത്തോർ--

ക്കരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം?

അഹോ! ജയിപ്പൂ ജഗദാധാരമൊരത്ഭുതദിവ്യമഹ--

സ്സഖണ്ഡമദ്വയമചിന്ത്യവൈഭവമനാദിമദ്ധ്യാന്തം.

ആഴ് വാഞ്ചേരിത്തമ്പ്രാക്കളിലുണ്ടയ്യൻപുലയനിലു-

ണ്ടാദിത്യനിലുണ്ടണുകൃമിയിലുമുണ്ടതിൻ പരിസ്ഫുരണം

അരചർക്കരചനുമടിമയ്ക്കടിമയുമഭിന്നർ; ഉള്ളിലവർ--

ക്കതിൽക്കൊളുത്തിന തിരിതാ-ൻ കത്തുവതന്തഃകരണാഖ്യം.

നമോസ്തുതേ മജ്ജീവനദായക! നടേശ! പരമാത്മൻ!

നരാഖ്യമങ്ങേ നർത്തകഗണമിതിൽ ഞാനുമൊരല്പാങ്ഗം.

വേഷമെനിക്കെന്തെന്നു വിധിപ്പതു വിഭോ! ഭവച്ചിത്തം;





വിശ്വപ്രിയമായ് നടനം ചെയ് വതു വിധേയനെൻകൃത്യം.

അരങ്ങുലയ്ക്കാനരചൻ മതിയാമതിനു കൊഴുപ്പേകാ-

നനുചരനാവാ, മണിയാടകളല്ലഭിനയമതു സിദ്ധം.

അകമേ നിലകൊണ്ടതാതുച്ചുവടുക,ളാമരുതെന്നുതിരി-

ച്ചടിയനു കാട്ടിത്തരുവോനവിടുന്നന്യർ ധരിക്കാതെ.

അതൊന്നു കാണ്മാൻ മിഴികൾ തുറന്നാലന്നിമിഷംമുതൽ ഞാ-

നരങ്ങുമണിയറയും പുകഴും മട്ടാടാനതുചതുരൻ.

പരാപരാത്മൻ! ഭക്ത്യഭിഗമ്യൻ ഭവാനെയാർ കാണ്മൂ

ചരാചരപ്രേമാഞ്ജനമെഴുതിന ചക്ഷുസ്സില്ലാഞ്ഞാൽ?

പരസുഖമേ സുഖമെനിക്കു നിയതം, പരദുഃഖം ദുഖം;

പരമാർത്ഥത്തില്പ്പരനും ഞാനും ഭവാനുമൊന്നല്ലീ?

ഭവാനധീനം പരമെന്നുടലും പ്രാണനും; അവ രണ്ടും

പരാർത്ഥമാക്കുക പകലും രാവും; പ്രഭോ! നമസ്കാരം!





## സൗന്ദര്യലഹരി

ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

**പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാൺമൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ.
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്ര കാലമാ,യെന്നാലിനിയും തീർന്നില്ലല്ലോ!
ഓരോരോ ദിവസവുമത്യനർഘമായീടും
ചാരുതയൊന്നീ ലോകഗാളത്തെപ്പുതുക്കുന്നു.
അല്ലെങ്കിൽ, പ്രാപഞ്ചികജീവിതത്തിനെ, നമ്മ-
ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!
പൂർവ്വദിങ്ങ്മുഖത്തിങ്കൽ സിന്ദൂരപൂരംപൂശി-
പ്പൂവിനെച്ചിരിപ്പിച്ചുവന്നെത്തും പുലരിയും;
മുല്ലമൊട്ടുകൾവാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയുംസന്ധ്യാ ശ്രീയും;
വാനിലുല്ലസിച്ചിട്ടും വാര്മതിയൊഴുക്കുന്ന
പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും;-
എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-
ളെളന്തും,ഹാ ജീവിതത്തെ മധുരിപ്പിച്ചീടുന്നു!
കുളിർത്തമണിത്തെന്നൽ സൗരഭോന്മദം പൂണ്ടു**





തളിർത്ത തരുക്കളെത്തഴുകിത്തളരവെ;
അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-
ത്തന്തിരകളാൽ താളംപിടിച്ചു പാടിപ്പാടി
പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി-
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവെ;
മരന്ദം തുളുമ്പുന്ന മലരിൽ ചുറ്റും കൂടി
മുരളും തേനീച്ചകൾ പറന്നു കളിക്കവെ;
വല്ലീകാനടികൾ നൽപല്ലവാകുലമായ
ചില്ലകൈയുകളാട്ടി നർത്തനം ചെയ്തീടവെ;
അറിയാതവരോടുകൂടി നമ്മളു,മേതോ
പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.
ഈ വിധം മനോഹരവസ്തുക്കളെല്ലാം നമ്മെ-
"ജ്ജീവിക്കു, ജീവിക്കു," കെന്നുൽബോധിപ്പിപ്പൂ നിത്യം.
"നുകരു,നുകരു,മത്സൗന്ദര്യം!"-നമ്മോടിളം-
മുകുളം വികസിച്ചു നെടുവീർപ്പിട്ടോതുന്നു.
"മുറുകെ മുകർന്നീടുകോമനേ, പിന്നെപ്പിന്നെ
മറവിക്കകത്തേയ്ക്കു വീണടിയേണ്ടോരെന്നെ!"
പാടലദലാധരം പേർത്തുമുച്ചലിക്കെ,ച്ചെ-
റ്റാടലാർന്നളിയോടു പനിനീർപ്പൂവർത്ഥിപ്പൂ.
a ജീവിതലഘുകാവ്യത്തിൻ പകർപ്പവകാശം
കേവലം മരണത്തിനുള്ളതാണെങ്കിലാട്ടെ;





നിത്യസുന്ദരമാകും, സ്നേഹഗീതിയാലതു
നിസ്ഥലമാക്കിത്തീർക്കാനാവുകി, ലതേ കാമ്യം!
സായാഹ്നരാഗംപോലെ സർവ്വവും തേയാം, മായാം
പോയാലോ പോയി;-പിന്നെയൊന്നു, മില്ലെല്ലാം ശൂന്യം!
ഇന്നുനാമുള്ളോ,രില്ലാത്തവരായ്ത്തീർന്നിടേണം
പിന്നാലെവരുന്നോർക്കൊരന്ധാന്വേഷണത്തിനായ്.
ഇന്നലെ,ത്തേങ്ങിത്തേങ്ങിയെന്തിനോകരഞ്ഞു ഞാ-
നിന്നിനിച്ചിരിക്കട്ടെ;- നാളെഞാനൊഴിഞ്ഞേയ്ക്കാം!
പുതുമേ, വീണ്ടും വീണ്ടും പുൽകുക ലോകത്തെ നീ
'മതി!'- യെന്നവളെക്കൊണ്ടോതിക്കാതൊരിക്കലും!





# എന്റെ  വെളിച്ചം

**സ്നേഹനിധിയാം അമ്മയെ കാണണം  ഞാൻ**

**കണ്ടുകൊണ്ടെപ്പോഴും വന്ദിക്കണം**

**സ്നേഹത്തിന്നാധാരമെന്നമ്മ**

**എൻ അമ്മ പൊൻ അമ്മ**

**സ്നേഹം ചൊരിയുമമ്മ**

**എപ്പോഴും കൂട്ടായി സ്വന്തം അമ്മ**

**ദേവീ  രൂപമമ്മ കരുണ ചൊരിയുമമ്മ**

**സുന്ദരസന്ധ്യയിൽ  വിളക്കമ്മ**

**എൻ.....വിളക്കമ്മ**

**എൻ വെളിച്ചമമ്മ**

**സാരംഗ് സലിൻ**





# സൗഹൃദം

കാലം  സൗഹൃദം പുസതപത്താളുകളിൽ ഓതുക്കിനിർത്തുമ്പോൾ പാതിവഴിയിൽവച്ച്
പിരിയേണ്ടിവന്ന സുഹൃത്തുക്കൾ നമ്മൾ.കാലമായി പിരിയുവാനെന്ന മനസ്സിൽ
ഘടികാരം ചിലച്ചുതുടങ്ങുന്നു.പറക്കമുറ്റാത്ത കിളികൾ അമ്മതൻ
ചിറകിൻ കീഴിൽ നിന്ന് പറന്നുയരുമ്പോൾ ഈ കിളിക്കൂട്ടിൽ നിന്നു
നാം യാത്രയാകുന്നു .  അനന്തമാം വിണ്ണിലേക്ക് ചിറകിൻ തൂവൽ കിളിർക്കും
വരെ എനിക്കുചുറ്റും പറന്നുകളിച്ച എന്നോടൊപ്പം കളിച്ചുചിരിച്ച എൻ
ബാല്യകാലസുഹൃത്തേ സഹോദരീ നിനക്കായ് ഞാൻ എന്താണ് നൽകുക .
കണ്ണീരുകൊണ്ടൊരു മുത്തമോ സ്നേഹത്തിൽ പോതിഞ്ഞ വാക്കുകളോ?തോഴിയറിയില്ല
ദുഖങ്ങൾ  പകരാൻ  യാത്രയിൽ  ഒരു  നിഴലായ്  വേദനകളിൽ  ആശ്വാസമായി ...
ഒരിക്കലും പിരിയാത്ത ബന്ധത്തിന് ആരോ നൽകിയ പേര്





# പൃകൃതീ മനോഹരീ

"കാട്ടൂം പുഴയും മെല്ലാം മെല്ലാം

മോടിക്കൂട്ടും പൃകൃതിയിൽ"

"പൃകൃതി നമ്മുടെ ദേവതയെപോലെ -

കൂടെക്കൂടെ വന്നോളൂ"

"കൊച്ചുകൊച്ചു പൂക്കൾ

പോലെ കാറ്റിൽ നിവർന്ന്

ആടീട്ടൂ എൻെറ ദേവതെ"

"നീയാണെൻ ഹംസംവ പൃകൃതി"

'നീയില്ലാതെ ഞാനില്ല"





# മകനെ...സൂക്ഷിക്കുക...

മകനെ കേൾക്കുക, ഞാനിന്നു ചൊൽവതു
നിത്യം മനസ്സിലെ മന്ത്രമായ് കാക്കണം
നല്ലതുമാത്രം നിനച്ചു നിവർത്തിച്ചുമെ
ന്നമേയുൺമതന്നാൾശ്രൂപമാവണം
ഗുരുപൂജ ചെയ്തീശ്വര ബന്ധുവാകണം
ദൈവഹിതത്തെയനുസരിച്ചീടണം
മാതാപിതാക്കൾ തന്നിച്ഛ കാത്തീടണം
മുത്തവരോടാദരവു കാട്ടീടണം
അന്യരോടെന്നും വിനയമുണ്ടാവണംസ്നേഹമൊഴികൾ നിൻ മുദ്രയായിടേണം
കനിവിൻ നിറവായി നീ മരുവിടേണം
സഹജീവികൾക്കിഷ്ട സാന്നിധ്യമാവണം
അക്ഷരദീപം തെളിച്ചു നീയുള്ളിലെ
അന്ധകാരത്തെയകറ്റി വിളങ്ങണം നീതിയും ശക്തിയാക്കീടണംനിത്യ പരിശ്രമത്താലെ ഉയരണം

**വിശ്വൈക താരകമായിത്തിളങ്ങണ**





# ഉൾവെളിച്ചം

ബാല്യകാലത്തിന്റെ ആനന്ദനിമിഷങ്ങളിൽ എത്ര നിഷ്കളങ്കമായി നാം പുഞ്ചിരിക്കാറുണ്ട്.ചെറിയ പിണക്കങ്ങളും ഇണക്കങ്ങളുമൊക്കെയായി കടന്നുപോകുന്ന ഓരോ ദിവസവും നമുക്ക് ബാക്കിവെച്ചിരിക്കുന്നത് സംതൃപ്തിയുടെ ഓർമ്മകളാണ്.

പക്ഷെ എല്ലാമെല്ലാം ഉള്ളതുകൊണ്ടാവണം, വളർച്ചയുടെ പടവുകളിലെവിടെയോ ഈ സംതൃപ്തിയുടെ മനോഭവവും നിഷ്കളങ്കമായ പുഞ്ചിരിയും നമുക്ക് അന്യമാകുന്നു. കുറവുകൾ നമ്മെ അസ്വസ്ഥതപ്പെടുത്താൻ തുടങ്ങുന്നു. ഇല്ലായ്മകൾ നമ്മുടെ ഉറക്കം കെടുത്തുന്നു.





# ഗ്രാമവസന്തം

മുക്കുറ്റിപ്പൂവെത്ര വിരിഞ്ഞു

താഴെക്കൺടത്തീൽ
ചെത്തിപ്പൂവുകൾ വാരിവിതച്ചു
കാടും പുരയിടവുംചിരിച്ചു നിന്നു തുമ്പപ്പൂക്കൾ
തൊടികളിലെമ്പാടും കുരുന്നു പൂക്കൾ പോലും പൂവുക
ളെടുത്തു ചൂടുന്നകദളിച്ചെടിയുടെ കൈകളിലുണ്ടൊരുകുന്നാരം പൂക്കൾ
മുല്ലച്ചെടിയുടെ മുടിയിലുണ്ടൊരു മുന്നാഴിപ്പൂക്കൾ
പൂവുകളെല്ലാം പറയുകയായിഓണം വരവായി
വീണ്ടും നാടിൻ പടിവാതിൽക്കലൊരോണം വരവായി....





## അതിബുദ്ധി

ഒരിക്കൽ ഒരു രാജ്യതത് ഒരു രാജാവുണ്ടായിരുന്നു.അദ്ദേഹത്തിന്റ പേര് ദാനിയേൽ എന്നായിരുന്നു.ആ രാജാവ് മഹാമണ്ടനും പേടിതൊണ്ടനും ആയിരുന്ന തന്റെ രാജ്യത്തിൽ മഹാവിഡ്ഡിയായ ലൂയിസ് എന്ന രാജഗുരു ഉണ്ടായിരുന്ന .പക്ഷേ,രാജാവിന് അതിസുന്ദരിയും ബുദ്ധിമതിയുമായ എലിസബത്ത് എന്ന മകളുണ്ടായിരുന്ന .അവളുടെ ചെറുപ്പത്തിൽ തന്നെ അമ്മ മരിച്ചുപോയിരുന്ന .അങ്ങനെയിരിക്കെ രാജാവിന് മാരകമായ രോഗം പിടിപെട്ടു .എത്ര ചികിത്സിച്ചിട്ടും രോഗം മാറിയില്ല. ദീനം മാറ്റുന്നവർക്ക് ആനയുടെ ഭുക്കത്തിൽ സ്വർണ്ണം തരാമെന്ന് പറഞ്ഞു . അങ്ങനെ ഒരിക്കൽ അന്യദേശത്തുനിന്നും ചികിത്സിക്കാനായി ബെഞ്ചമിൻ എന്നവൈദ്യൻ കൊട്ടാരത്തിൽ എത്തി. അദേഹം രാജാവിന്റെ ദീനം ഭേദമാക്കി. പക്ഷേ രാജാവിന്റെ മകൾ ബെഞ്ചമിനോട് പ്രതിഫലം എന്താണെന്ന് ചോദിച്ചു . ആനയുടെ ഭുക്കത്തിലല്ലേ സ്വർണ്ണം തരാമെന്ന് പറഞ്ഞത്, ആനയുടെ ഭുക്കം കൊണ്ടുവാ എന്നാൽ സ്വർണ്ണം തരാമെന്ന പറഞ്ഞു ബെഞ്ചമിൻ വിഷമിച്ച് വീട്ടിൽ വന്നു. കാര്യങ്ങൾ മുഴുവർ മകളോട് പറഞ്ഞു . അപ്പോൾ ബെഞ്ചമിന്റെ മകൾ അവനോരു സൂത്രം പറഞ്ഞുകൊടുത്തു. അപ്പോൾ തന്നെ ബെഞ്ചമിൻ കൊട്ടരത്തിലെത്തി.





## ...........അമ്മ....................

സ്നേഹനിധിയാം  അമ്മയെ കാണണം ഞാൻ
കണ്ടുകൊണ്ടെപ്പോഴും  വന്ദിക്കണം
സ്നേഹത്തിന്നാധാരമെന്നമ്മ
എൻ  അമ്മ  പൊൻ  അമ്മ
സ്നേഹം  ചൊരിയുമമ്മ
എപ്പോഴും  കൂട്ടായി
സ്വന്തം അമ്മ
ദേവീ  രൂപമമ്മ
കരുണ  ചൊരിയുമമ്മ
സുന്ദരസന്ധ്യയിൽ  വിളക്കമ്മ
എൻ..... വിളക്കമ്മ
**എൻ.....  വെളിച്ചമമ്മ.........**





...........................................................ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം

ശുഭം...........................................................

